# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1858**

11-02-2020-ൽ
മറുപടി നൽകേണ്ടത്

## ഭരണഘടനാ വിദ്യാഭ്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ഭരണ ഘടനയെക്കുറിച്ച് കൂടുതൽ അവബോധം ഉണ്ടാക്കിയെടുക്കുന്ന തിലേക്കായി 'ഭരണഘടനാ വിദ്യാഭ്യാസം നൽകുക' പോലുള്ള പദ്ധതിയുടെ ഉദ്ദേശ്യവും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പും എൻ.സി.ഇ.ആർ.ടിയും സംയുക്തമായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണ് **നൈതികം.** ഭരണഘടന മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളും മൂല്യങ്ങളും തിരിച്ചറിയാനും അതിനനുസരിച്ച് നിലപാടുകൾ സ്വീകരിക്കാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഈ പദ്ധതി വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു. ക്ലാസ്സ് സഭകൾ, അവകാശ-കടമചാർട്ട് നിർമ്മാണം, സ്കൂൾ സംവാദ സദസ്സുകൾ, മാതൃകാ സ്കൂൾ ഭരണഘടനാ നിർമ്മാണം തുടങ്ങി വിവിധ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് ഇത് അവസരം നൽകുന്നു. കൂടാതെ, സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, സബ് ജില്ലാ തലത്തിലും മികച്ച സ്കൂൾ മാതൃകാ ഭരണഘടനകൾ കണ്ടെത്തി സമ്മാനം നൽകി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ ഈ അക്കാദമിക വർഷം ഭരണ ഘടന യുടെ 70-ാം വാർഷികമായി സർക്കാർ ആഘോഷിക്കുകയും ചെയ്തിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭരണഘടന ഒരു പാഠ്യ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, LLB യുടെ സിലബസിൽ ഭരണഘടനയുടെ രണ്ട് പേപ്പറുകൾ നിർബന്ധ വിഷയമായി ഉൾപ്പെടുത്തുകയും LLM-ന് ഭരണഘടന പഠനം ഒരു ഐച്ഛിക വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ബി) | സ്കൂൾ അസംബ്ലികളിൽ ഭരണ ഘടനയുടെ ആമുഖം വായിക്കുന്നതു മായി ബന്ധപ്പെട്ട് നടത്തിയ പ്രവർ ത്തനങ്ങളുടെ പുരോഗതി വിശദ മാക്കാമോ? | (ബി) | നൈതികം പരിപാടിയുടെ ഭാഗമായി റിപ്പബ്ലിക് ദിനത്തിൽ സ്കൂൾ അസംബ്ലി യിൽ ഭരണഘടനയുടെ ആമുഖം വായിക്കുകയുണ്ടായി.<br>എല്ലാ വർഷവും നവംബർ 26 ഭരണഘടനാ ദിനമായി സമുചിതമായി കൊണ്ടാടണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും ഭരണ ഘടനാ ദിനം സംബ ന്ധിച്ച ബാനർ പ്രദർശിപ്പിക്കുയും, സ്പെഷ്യൽ അസംബ്ലികൾ സംഘടി പ്പിക്കുകയും ഭരണഘടനയുടെ ആമുഖവും ചരിത്രവും അവതരിപ്പി ക്കുകയും, റേഡിയോ ക്ലബ്ബുകൾ മുഖേന പ്രോഗ്രാമുകൾ നടത്തുകയും ഭരണ ഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപകർ വിദ്യാർത്ഥികൾക്ക് അവബോധം നൽകുകയും, ക്വിസ്, സെമിനാർ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ